(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കാനും മത്സ്യബന്ധനോപകരണങ്ങൾക്കുള്ള വായ്പ, മത്സ്യവിപണന സൗകര്യം, മത്സ്യലേലത്തിനുള്ള പ്രവർത്തന മൂലധനം, മത്സ്യകച്ചവടത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് പലിശരഹിത വായ്പ, സ്വയംസഹായ ഗ്രൂപ്പുകൾക്ക് മൈക്രോ ഫിനാൻസ് വായ്പ, മത്സ്യത്തൊഴിലാളി കുടുംബത്തിലെ തൊഴിൽരഹിതരായ അംഗങ്ങൾക്ക് ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ മുതലായ സഹായ പദ്ധതികൾ മത്സ്യഫെഡ് വഴി കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പാക്കിവരുന്നു. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടപ്പിലാകുന്ന സംയോജിത മത്സ്യവികസന പദ്ധതിവഴി 6376.50 ലക്ഷം രൂപ മത്സ്യബന്ധന ഉപകരണങ്ങൾ, പ്രവർത്തന മൂലധനം, മത്സ്യവിപണന സൗകര്യം മുതലായവയ്ക്ക് നൽകിയിട്ടുണ്ട്.

നാടൻ വള്ളങ്ങളിൽ എഞ്ചിൻ ഘടിപ്പിക്കുന്നതിനും മത്സ്യബന്ധന വലകൾ വാങ്ങുന്നതിനും, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പാ സബ്സിഡിയായും, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 210 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചു നൽകിയിട്ടുണ്ട്. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ വായ്പാ പദ്ധതികളിൽ നിന്ന് 5742.05 ലക്ഷം രൂപ, മൈക്രോ ഫിനാൻസ്/ടേം വായ്പ ഇനത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ വായ്പാ പദ്ധതിയിൽ നിന്നും 4223.91 ലക്ഷം രൂപയുടെ ധനസഹായവും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി 488 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ആഴക്കടൽ മത്സ്യബന്ധന പദ്ധതി ആവിഷ്കരിച്ച് കേന്ദ്ര സർക്കാരിന്റെ അധിക ധനസഹായ പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച പദ്ധതിയിൽ 20 ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. സുനാമി അടിയന്തിര സഹായ പദ്ധതിയിലും, സുനാമി പുനരധിവാസ പദ്ധതിയിലും ഉൾപ്പെടുത്തി 1861.25 ലക്ഷം രൂപയുടെ പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്.

ഫിഷിംഗ് ഹാർബറുകൾ

221 (1978) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. എ. എ. ഷുക്കൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമഗ്ര തീരദേശ വികസന പദ്ധതിയിൻ കീഴിൽ വിവിധ ജില്ലകളിലായി എത്രൊക്ക പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഭാഗമായി പുതുതായി എവിടെയൊക്കെ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു ; ഇതിനായി ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനായി എന്നും വെളിപ്പെടുത്തുമോ ;

(സി) ഇത്തരം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സുനാമി അടിയന്തര സഹായപദ്ധതി, സുനാമി പുനരധിവാസ പദ്ധതി, പ്രധാനമന്ത്രിയുടെ അടിയന്തര സഹായ പദ്ധതി, സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ എന്നിവ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനായി ഇതിനകം 2500 കോടിയിലേറെ രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഫിഷിംഗ് ഹാർബറുകൾക്കായി 265.37 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ വിവിധ ജില്ലകളിലായി താഴെപ്പറയുന്ന പ്രത്യേക പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കിവരുന്നു.

കാസർഗോഡ് ജില്ല :

1.	റോഡുകൾ (3)	-	പൂർത്തീകരിച്ചു
2.	ഫിഷ്‌ലാന്റിംഗ് സെന്ററുകൾ (3)	-	പൂർത്തീകരിച്ചു
3.	സൗരോർജ്ജ നാവിഗേഷൻ ലൈറ്റ് (2)	-	പൂർത്തീകരിച്ചു
4.	മത്സ്യ വിജ്ഞാന കേന്ദ്രം) (1)	-	പൂർത്തീകരിച്ചു
5.	കുടിവെള്ള പദ്ധതികൾ (6)	-	പൂർത്തീകരിച്ചു
6.	പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ (2)	-	പൂർത്തീകരിച്ചു
7.	ചെറുവത്തൂർ ഫിഷ് മാർക്കറ്റ്	-	പൂർത്തീകരിച്ചു
8.	ഫിഷറീസ് ടെക്നിക്കൽ സ്കൂളിലെ അടിസ്ഥാന/ആധുനിക സൗകര്യങ്ങൾ	-	പൂർത്തീകരിച്ചു
9.	ബയോഗ്യാസ് പ്ലാന്റ് (1)	-	പൂർത്തീകരിച്ചു
	(ആകെ 20 പദ്ധതികൾ)		

കണ്ണൂർ ജില്ല :

1.	ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണം നവീകരണം	-	4 പദ്ധതികൾ
2.	ആരോഗ്യമേഖലയിലെ പദ്ധതികൾ	-	7
3.	ബയോഗ്യാസ് പ്ലാന്റുകൾ	-	3

LIBRARY ARCHIVES Kerala Legislative Assembly

4.	അങ്കണവാടി കെട്ടിടങ്ങൾ	-	5
5.	കുടിവെള്ള പദ്ധതികൾ	-	8
	(ആകെ 27 പദ്ധതികൾ)		

തൃശ്ശൂർ ജില്ല :

1.	കുടിവെള്ള പദ്ധതികൾ	-	5
2.	ആരോഗ്യമേഖലയിലെ പദ്ധതികൾ	-	10
3.	അങ്കണവാടി കെട്ടിടങ്ങൾ	-	14
4.	മത്സ്യവിജ്ഞാന കേന്ദ്രം	-	1
5.	ഫിഷ് ലാന്റിംഗ് സെന്ററുകൾ	-	2
6.	സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം	-	8
7.	മത്സ്യ മാർക്കറ്റ്	-	2
8.	വലനന്നാക്കൽ കേന്ദ്രം	-	1
9.	വൈദ്യുതി ലൈൻ	-	1
	(ആകെ 44 പദ്ധതികൾ)		

എറണാകുളം ജില്ല :

1.	ആശുപത്രികളുടെ നവീകരണം	-	10
2.	സ്കൂളുകളുടെ സൗകര്യങ്ങൾ	-	8
3.	അങ്കണവാടികൾ	-	35
4.	കുടിവെള്ള പദ്ധതികൾ	-	2
5.	ഫയർ ആന്റ് റെസ്ക്യൂ ഉപകരണങ്ങൾ	-	1
	(ആകെ 56 പദ്ധതികൾ)		

ആലപ്പുഴ ജില്ല :

1.	മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ	-	4
2.	കുഴൽകിണർ	-	4
3.	കുടിവെള്ള പൈപ്പ്ലൈൻ	-	9
4.	മത്സ്യഭവൻ	-	2
5.	കുടിവെള്ള പദ്ധതി	-	2

LIBRARY ARCHIVES Kerala Legislative Assembly

6.	ഗൈഡ് ലൈറ്റ്	-	5
7.	ഫിഷറീസ് ഡിസ്പെൻസറി	-	1
8.	ഗ്രാമീണ ശാസ്ത്ര വിജ്ഞാനകേന്ദ്രം	-	1
9.	മത്സ്യ മാർക്കറ്റ്	-	1
10.	ആശുപത്രി	-	1
11.	സ്കൂൾ സൗകര്യങ്ങൾ	-	1

(ആകെ 31 പദ്ധതികൾ)

(ബി) മുകളിൽ പരാമർശിച്ച പദ്ധതിയിലുൾപ്പെടുത്തി ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനായി പദ്ധതികളൊന്നും നിലവിലില്ല.

(സി) ബാധകമല്ല.

ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം

222 **(1980)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭം കുറിച്ച ഇനിയും പൂർത്തിയാക്കാത്ത ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം എന്ന് തുടങ്ങാനാകുമെന്നാണ് കരുതുന്നത് ;

(ബി) സംസ്ഥാനത്ത് ഇനിയും ഇത്തരത്തിൽ എത്ര ചെറുകിട മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി(34.45 കോടി രൂപ) കണ്ണൂർ ജില്ലയിലെ തലായ് (19.25 കോടി രൂപ), കാസർഗോഡ് ജില്ലയിലെ കാസർഗോഡ് (29.75 കോടി രൂപ) ആലപ്പുഴ ജില്ലയിലെ ചെത്തി ഒന്നും രണ്ടും ഘട്ടങ്ങൾ (5 കോടി രൂപ, 4.95 കോടി രൂപ) അർത്തുങ്കൽ ഒന്നാംഘട്ടം (5 കോടി രൂപ) എറണാകുളം ജില്ലയിലെ ചെല്ലാനം ഒന്നും രണ്ടും ഘട്ടങ്ങൾ (5 കോടി രൂപ, 30 കോടി രൂപ) തൃശ്ശൂർ ജില്ലയിലെ ചേറ്റുവ (30കോടി രൂപ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ (29.06 കോടി രൂപ) എന്നീ 8 മത്സ്യബന്ധന തുറമുഖ പദ്ധതികൾക്ക് ഭരണാനുവാദം നൽകി. ഇവയിൽ കൊയിലാണ്ടി, തലായ്, കാസർഗോഡ്, ചെത്തി, അർത്തുങ്കൽ, ചെല്ലാനം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. അതിൽ അർത്തുങ്കൽ ഒന്നാം ഘട്ടം, ചെല്ലാനം

LIBRARY ARCHIVES Kerala Legislative Assembly